(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക്‌ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും 801 പേരും മറ്റ് കടബാദ്ധ്യതകൾ മൂലം 70 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

ദേവാലയങ്ങളിൽ നടന്ന മോഷണങ്ങൾ

78 [79] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ദേവാലയങ്ങളിൽ മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) അമ്പലങ്ങളിലും, കൃസ്ത്യൻ, മുസ്ലീം ദേവാലയങ്ങളിലുമായി എത്ര മോഷണങ്ങൾ നടന്നുവെന്നും ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അന്വേഷണത്തെത്തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ മോഷണ വസ്തുക്കളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 850 ദേവാലയങ്ങളിൽ മോഷണം നടന്നതായി അറിവായിട്ടുണ്ട്.

(ബി) മോഷണങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 850 കേസുകൾ.

(ഡി) 184 ദേവാലയങ്ങളിലെ മോഷണ വസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

വാഹന മോഷണം

79 [80] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ വാഹന മോഷണം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേ കാലയളവിൽ എത്ര സ്വകാര്യ വാഹനങ്ങളും സർക്കാർ വാഹനങ്ങളും മോഷണം പോയിട്ടുണ്ട്;

(സി) അന്വേഷണത്തെ തുടർന്ന് എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) വർദ്ധിച്ചുവരുന്ന വാഹന മോഷണങ്ങൾ തടയാൻ പോലീസ് സേനയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4737 വാഹന മോഷണക്കേസുകൾ ചെയ്തിട്ടുണ്ട്.

(ബി) സ്വകാര്യവാഹനങ്ങൾ .. 4725

സർക്കാർ വാഹനങ്ങൾ .. 13

(സി) 1691 വാഹനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഹൈവേ പോലീസ് രൂപീകരിച്ച് അതാത് ജില്ലാ റെയ്ഞ്ച് ഡി. ഐ. ജി.-യുടെയും, ട്രാഫിക് ഐ. ജി.-യുടെയും നേരിട്ടുള്ള നിയന്ത്രണത്തിൽ എല്ലാ നാഷണൽ ഹൈവേയിലും എം. സി. റോഡിലും 24 മണിക്കൂറും അതീവ ജാഗ്രതയോടുകൂടി പ്രവർത്തിച്ചുവരുന്നു. പ്രത്യേക സാഹചര്യങ്ങൾ വാഹനമോഷണ സ്വഭാവം അനുസരിച്ച് പ്രത്യേക ടീമുകളെ ഏർപ്പെടുത്തുന്നുണ്ട്.

രജിസ്റ്റർ ചെയ്ത മോഷണക്കേസുകൾ

80 [81] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) കച്ചവട സ്ഥാപനങ്ങൾ, വീടുകൾ 'സ്വകാര്യസ്ഥാപനങ്ങൾ' ബാങ്കുകൾ തുടങ്ങിയവയിൽ നിന്ന് ഇതേ കാലയളവിൽ എന്തു തുകയുടെ മോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly